# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : T3061      11/12/2014-ൽ മറുപടിയ്ക്ക്

## കുമളി സബ് സ്റ്റേഷനു ഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) കുമളി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ടി ഭൂമി ഏറ്റെടുക്കൽ നടപടി ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ ; | (എ) കുമളി സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനു വേണ്ടി സർവ്വെ & ബൗണ്ടറീസ് ആക്ട് സെക്ഷൻ 6(1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടില്ല. 01-01-2014-ന് പുതിയ എൽ.എ. ആർ.ആർ. ആക്ട് 2013 നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ നടപടികൾ തുടരാൻ സാധിക്കുകയുള്ളൂ. |
| (ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഭൂമി ഏറ്റെടുക്കുന്നത് പൊന്നുംവില നടപടി ക്രമത്തിലാണോ ; അതോ നെഗോഷ്യബിൾ പർച്ചേസിലൂടെയാണോ എന്ന് വ്യക്തമാക്കാമോ ;<br><br>(സി) ഭൂമി ഏറ്റെടുക്കൽ നടപടി അടിയന്തിരമായി പൂർത്തീകരിക്കണം എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ? | (ബി) & (സി)<br><br>നെഗോഷ്യബിൾ പർച്ചേസ് വഴി സ്ഥലം ഏറ്റെടുക്കുന്നതിന് 07-02-2011, 15-07-2011 എന്നീ തീയതികളിൽ കക്ഷിയുമായി ചർച്ച നടത്തിയെങ്കിലും കമ്മറ്റി ശുപാർശ ചെയ്ത വില അംഗീകരിക്കുവാൻ സ്ഥലമുടമ തയ്യാറാകാത്തതിനെ തുടർന്ന് നെഗോഷ്യബിൾ പർച്ചേസ് |

പരാജയപ്പെടുകയും 1894-ലെ എൽ.എ ആക്ട് പ്രകാരം നടപടി ആരംഭിക്കാനായി കെ.എസ്.ഇ.ബി. അപേക്ഷ സമർപ്പിക്കുകയും സർവ്വെ & ബൗണ്ടറീസ് ആക്ട് സെക്ഷൻ 6(1) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. 01-01-2014-ന് പുതിയ എൽ.എ. ആർ.ആർ. ആക്ട് 2013 നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ പുതിയ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലമെടുപ്പ് നടപടികൾ തുടരാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ.